DESPATCHED
On. 29/01/2020

09/01/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം_695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.2699(4)/2014/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.16550/SIC-Gen 2/2014**
സന്നിഹിതൻ
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സുനിൽകുമാർ .പി,
ശ്രീവിനായകം,
TMNR -19, തിരുമുല്ലവാരം പി.ഒ.,
കൊല്ലം –12. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   കേരള വാട്ടർ അതോറിറ്റി,
   ജല ഭവൻ, തിരുവനന്തപുരം – 695 033.

2. അപ്പീൽ അധികാരി & ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി & ജനറൽ),
   കേരള വാട്ടർ അതോറിറ്റി,
   ജല ഭവൻ, തിരുവനന്തപുരം – 695 033.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയുടെ ഓഫീസായ കേരളാ വാട്ടർ അതോറിറ്റി, ജല ഭവനിൽ നിന്ന് ടി ഓഫീസിലെ KWA/JB/E2(A)10592/2011/Vol – II എന്ന ഫയൽ സംബന്ധിച്ച വിവരങ്ങളും രേഖകളും ആവശ്യപ്പെട്ടിട്ട് ആയത് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 25.11.14ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. 11.12.14ൽ രണ്ടാം എതിർകക്ഷി റിപ്പോർട്ട് നൽകി. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളടങ്ങുന്ന ഫയൽ, ഒരു കേസുമായി ബന്ധപ്പെട്ട് വിവിധ സെക്ഷനുകളിലായി നടപടിക്രമങ്ങൾ തുടർന്നു വരികയായിരുന്നതു കൊണ്ടാണ് ടി ഫയൽ നടപടിക്രമങ്ങൾ പൂർത്തിയായി എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ തിരികെ എത്തിയതിനുശേഷം വിവരങ്ങൾ നൽകാമെന്നു മറുപടി നൽകിയതെന്ന് റിപ്പോർട്ടിൽ പറഞ്ഞു. സെക്ഷനുകളിലായി നടപടിക്രമങ്ങൾ തുടർന്നു വരികയായിരുന്നതുകൊണ്ടാണ് ടി ഫയൽ നടപടി ക്രമങ്ങൾ പൂർത്തിയായി

എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ തിരികെ എത്തിയതിനുശേഷം വിവരങ്ങൾ നൽകാമെന്നു മറുപടി നൽകിയതെന്ന് റിപ്പോർട്ടിൽ പറഞ്ഞു.

3. ഇതിനുശേഷം 09.01.2020ൽ കമ്മീഷൻ ആസ്ഥാനത്ത് ഹിയറിങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളടങ്ങുന്ന ഫയൽ കോടതി കേസുമായി ബന്ധപ്പെട്ട് പല സെക്ഷനുകളിൽ സർക്കുലേഷനിലായിരുന്നതു കൊണ്ടാണ് അന്ന് മറുപടി നൽകാൻ കഴിയാതെ വന്നതെന്ന് ഒന്നാം എതിർകക്ഷി ഹിയറിങിൽ പറഞ്ഞു. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കി. അപ്പീൽ ഹർജിക്കാരന് നൽകിയ മറുപടിയുടെ പകർപ്പും കമ്മീഷനു നൽകി.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ടിയാൻ പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ കരുതുന്നു. അപ്പീൽ ഹർജിക്കാരന് ഇതിനകം, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ലഭിച്ചു കഴിഞ്ഞതായും കമ്മീഷൻ കരുതുന്നു. അപ്പീൽ ഹർജിക്കാരന് ഇതിനകം, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ലഭിച്ചു കഴിഞ്ഞതായും കമ്മീഷൻ കരുതുന്നു.

5. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് കമ്മീഷൻ ഇന്നേ ദിവസം, 2020 ജനുവരി മാസം 9-ാം തീയതി തീർപ്പാക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.